**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 890** **30-06-2022 - ൽ മറുപടിയ്ക്ക്**

**പരിസ്ഥിതിലോല മേഖല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പരിസ്ഥിതി ലോല മേഖല സംബന്ധിച്ച സുപ്രീം കോടതിയുടെ ഉത്തരവിന്റെ പശ്ചാത്തലത്തിൽ ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (എ) | ബഹു.സുപ്രീം കോടതിയുടെ 03-06-2022-ലെ വിധി വിലിരുത്തുന്നതിനും തുടർ നടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് അഡ്വക്കേറ്റ് ജനറലിനെ കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ ബഹു. സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹു.സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.<br><br>ടി യോഗ തീരുമാന പ്രകാരം ഒരു കിലോ മീറ്റർ ESZ ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം ജനവാസകേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 03.06.2022 ലെ ബഹു. സുപ്രീം കോടതി ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുകയും ജനവാസ മേഖലകൾ ഒഴിവാക്കിക്കൊണ്ടുള്ള പുതുക്കിയ ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ പരിഗണിച്ച കൊണ്ട് ബഹു. സുപ്രീം കോടതി ഉത്തരവിലെ ഖണ്ഡിക 44 (f) പ്രകാരമുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയേയും സമീപിക്കുവാനായി കേന്ദ്ര സർക്കാരിലേയ്ക്ക് കത്ത് അയക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ മേഖലയിലെ ജനങ്ങൾക്കുണ്ടായ ആശങ്ക പരിഹരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | **സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഒരു കി.മീ(ഇക്കോ സെൻസിറ്റീവ് സോൺ) വേണമെന്ന വ്യവസ്ഥയിൽ കേരളത്തിനു പ്രത്യേക ഇളവ് വേണമെന്ന് കേന്ദ്ര വനം മന്ത്രി ശ്രീ.അശ്വിനി കുമാർ ചൗബെയോട് 18.06.2022 ന് നടന്ന ചർച്ചയിൽ കേരള വനം വകുപ്പ് ആവശ്യപ്പെട്ടിരുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്ഥമായ സാഹചര്യമാണ് കേരളത്തിലേതെന്ന് ചൂണ്ടിക്കാട്ടിയാണ് അവലോകന യോഗത്തിൽ കേരള വനം വകുപ്പ് ഇളവ് അഭ്യർത്ഥിച്ചത്. ജനവാസ മേഖലകളെ ഒഴിവാക്കി പരിഷ്കരിച്ച ശുപാർശ സംസ്ഥാനം നൽകിയിട്ടുണ്ട്. ഇത് പരിഗണിച്ച് അന്തിമ വിജ്ഞാപനം ഇറക്കേണ്ടതായിട്ടുണ്ട്. വിദഗ്ധ സമിതി യോഗങ്ങൾ ഉൾപ്പെടെയുള്ളവ പൂർത്തിയാക്കിയാണ് ശുപാർശ നൽകിയതെന്ന് വനം വകുപ്പ് ബഹു. കേന്ദ്ര വനം മന്ത്രിയെ അറിയിച്ചിട്ടുണ്ട്.** |
| (സി) | ജനവാസ മേഖല പൂർണ്ണമായും ഒഴിവാക്കിയാണോ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും പരിസ്ഥിതി ലോല മേഖല നിശ്ചയിച്ച് കേന്ദ്രസർക്കാരിന് സമർപ്പിച്ചത്; ഇതു സംബന്ധിച്ച് ചിലർ നടത്തുന്ന പ്രചരണത്തിന്റെ യഥാർത്ഥ വസ്തുതയെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | 28.09.2020 ൽ ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ പരിധിയിൽനിന്ന് ജനവാസ മേഖലകളെ ഒഴിവാക്കണമെന്ന പൊതുജനാഭിപ്രായം വിശദമായി ചർച്ച ചെയ്യുകയും കേരളത്തിലെ 23 ദേശീയോദ്യാന/വന്യജീവി സങ്കേതങ്ങളുടെ ചുറ്റുമുള്ള 0 മുതൽ 1 കി.മീ. ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ ആയി പ്രഖ്യാപിക്കുമ്പോൾ പ്രസ്തുത പ്രദേശത്ത് വരുന്ന ജനസാന്ദ്രത കൂടിയ |

| | | | |
|---|---|---|---|
| | | | മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതു സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെയും ഒഴിവാക്കുന്നതിനും, ആയതിലേയ്ക്കായി പ്രസ്തുത പ്രദേശങ്ങളുടെ പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് അയച്ചു കൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിക്കുവാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതു പ്രകാരം ജനവാസ മേഖലകൾ ഒഴിവാക്കി തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലുകളാണ് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത്. |

സെക്ഷൻ ഓഫീസർ